# പതിനാലാം കേരള നിയമസഭ
# (പതിനഞ്ചാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:3159 18.06.2019-ൽ മറുപടിയ്ക്ക്**

## കുളത്തൂർ-കാരോട് പഞ്ചായത്തിൽ മത്സ്യബന്ധനവകുപ്പിന്റെ പ്രവൃത്തികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ. ആൻസലൻ | ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
| എ) കുളത്തൂർ-കാരോട് പഞ്ചായത്തിൽ മത്സ്യബന്ധനവകുപ്പ് 2018-19 വർഷത്തിൽ ഭരണാനുമതി നൽകിയ മരാമത്ത് പ്രവൃത്തികൾ ഏതെല്ലാമാണ്; അതിന്റെ പേരുവിവരം, അടങ്കൽ തുക എന്നിവ വ്യക്തമാക്കാമോ ; | എ) (1) ഫിഷറീസ് വകുപ്പ് മുഖേന 2018-19 ബി.ഐ.എഫ് & എച്ച്.ഡി.എഫ്-ൽ ഉൾപ്പെടുത്തി നടപ്പാക്കുന്ന മത്സ്യത്തൊഴിലാളികളുടെ പുനരധിവാസ പദ്ധതി പ്രകാരം തിരുവനന്തപുരം ജില്ലയുടെ കുളത്തൂർ-കാരോട് പഞ്ചായത്തിൽ 128 വ്യക്തിഗത ഫ്ളാറ്റുകൾ നിർമ്മിക്കുന്നതിന് വ്യക്തിഗത ഫ്ളാറ്റ് ഒന്നിന് 10.00 ലക്ഷം രൂപ കണക്കിൽ 12.80 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.<br><br>(2) ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന കുളത്തൂർ-കാരോട് പഞ്ചായത്തിൽ തീരദേശ റോഡുകളുടെ പുനരുദ്ധാരണത്തിനാണ് 2018-19-ൽ ഭരണാനുമതി നൽകിയത്. കാരോട് പഞ്ചായത്തിലെ പുതുശ്ശേരി വാർഡ് ഉണ്ടുവിള നടപ്പാത നിർമ്മാണത്തിനായി 6.80 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി. പ്രസ്തുത പ്രവൃത്തിയുടെ അടങ്കൽ തുക 6,52,726/- രൂപയാണ്. ടി പ്രവൃത്തിയുടെ ദർഘാസ് നടപടികൾ പൂർത്തീകരിച്ച് കരാറുകാരന് സെലക്ഷൻ നോട്ടീസ് നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| ബി) | 2019-20-ൽ കുളത്തൂർ-കാരോട് തീരദേശ മേഖലയിൽ മത്സ്യബന്ധനവകുപ്പ് നടപ്പിൽ വരുത്താൻ ഉദ്ദേശിക്കുന്ന പ്രവൃത്തികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ ? | ബി) | (1) ഫിഷറീസ് വകുപ്പ് മുഖേന 2019-20 ൽ കുളത്തൂർ- കാരോട് തീരദേശ മേഖലയിൽ പ്രവൃത്തികൾ നടപ്പിലാക്കുന്നതിനായി നിലവിൽ മറ്റു ഭരണാനുമതി നൽകിയിട്ടില്ല.<br><br>(2) കാരോട് പഞ്ചായത്തിലെ മേലെവിളാകം കല്ലംപൊറ്റ നടപ്പാത, ചാമവിള, പാരവിള നടപ്പാതയ്ക്ക് ഇൻർ-ലോക്ക് നിർമ്മാണം എന്നീ പ്രവൃത്തികളാണ് 2019-20-ൽ കുളത്തൂർ- കാരോട് പഞ്ചായത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന നടപ്പിൽ വരുത്താൻ ഉദ്ദേശിക്കുന്നത്. പ്രസ്തുത പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് സ്വീകരിച്ചു വരുന്നു. |



**സെക്ഷൻ ആഫീസർ**